എലി നിയന്ത്രണത്തിന് നാടൻ വിദ്യകൾ

ഡോ. പുന്നൻ കുര്യൻ വേങ്കടത്ത്

മരച്ചീനി, പച്ചക്കറികൾ തുടങ്ങിയവയെ പന്നിയെലിയുടെയും തുരപ്പനെലിയുടെയും ആക്രമണത്തിൽനിന്നു രക്ഷിക്കാൻ തടത്തിനും കൂനയ്ക്കും ചുറ്റും തലമുടി വിതറിയാൽ മതിയാകും. തലമുടി ബാർബർഷോപ്പിൽനിന്നു ശേഖരിക്കാവുന്നതാണ്. എലികൾ മണ്ണുമാന്താനായി മണത്തുമണത്ത് നടക്കുമ്പോൾ തലമുടികഷ്ണങ്ങൾ മൂക്കിൽ കയറി അസ്വസ്ഥതയുളവായി സ്ഥലം വിട്ടുകൊള്ളും. തലമുടി വളമാണെന്നൊരു ഗുണം കൂടിയുണ്ട്.

നെൽപാടങ്ങളിലും മറ്റും വെള്ള പ്ലാസ്റ്റിക് കൂടുകൾ, വാഴയുടെ പോള, കുരുത്തോല തുടങ്ങിയവ തൂക്കിയിടുന്നത് എലിശല്യം കുറയ്ക്കും. പ്ലാസ്റ്റിക് ചാക്കിൽ പച്ചക്കറികളും മറ്റും കൃഷിചെയ്താൽ എലി തൊടില്ല.

ശീമക്കൊന്നയുടെ വിത്ത് ഉണക്കിപ്പൊടിച്ചത് ശർക്കരയുമായി ചേർത്തു കുഴച്ചു ചെറിയ ഉരുളകളാക്കിയത് നെൽപ്പാടങ്ങളിൽ വിതറിയാൽ എലികൾ ചത്തൊടുങ്ങും. ശർക്കര ഇഷ്ടഭക്ഷണവും കൊന്നവിത്തിലെ ആൽക്കലോയ്ഡുകൾ ഉഗ്രവിഷവുമായതാണ് കാരണം.

ശീമക്കൊന്നയുടെ ഇലയും തൊലിയുമിട്ട് വേവിച്ച വെള്ളത്തിൽ ഇരട്ട പുഴുക്ക് പുഴുങ്ങിയെടുത്ത ഗോതമ്പ് (ആദ്യദിവസം പകുതി വേവാകുമ്പോൾ നിർത്തണം; രണ്ടാം ദിവസം വീണ്ടും നന്നായി വേവിച്ചെടുക്കുക) ചേർന്ന മിശ്രിതം നല്ല എലിവിഷമാണ്. വെള്ളം കെട്ടിനിൽക്കുന്ന വയലിലും ഉപയോഗിക്കാം.

ഉണങ്ങിയ ചെമ്മീൻ പൊടിച്ച് സിമന്റുമായി ചേർത്തു കൃഷിയിടങ്ങളിൽ വയ്ക്കുക. എലികളുടെ കുടലിൽ സിമന്റ് തടസമുണ്ടാകുന്നതോടെ മരണം സംഭവിക്കും.

പഞ്ഞിയുപയോഗിച്ചും എലികളെ കൊല്ലാം. ഉരുക്കിയ ശർക്കരയിൽ കുറച്ച് പഞ്ഞി മുക്കിയെടുക്കുക. എലിക്കു കൂടുതൽ പ്രിയമുള്ള ഗോതമ്പുമാവ്, ഉണക്കമത്സ്യം എന്നിവയും അൽപം ചേർത്ത് കാപ്പിക്കുരുവിന്റെ വലുപ്പത്തിൽ ഉരുളകളാക്കുക. പറമ്പിലും വീട്ടിലും പലയിടങ്ങളിലായി നിരത്തുക. ഇതു തിന്നുന്ന എലികൾ കുടൽ തടസപ്പെട്ട് 10–15 ദിവസങ്ങൾക്കുള്ളിൽ ചാകും.

പച്ചക്കറികളെയും മറ്റും എലിശല്യത്തിൽനിന്നു രക്ഷിക്കാൻ കുറച്ചു വേപ്പിൻ പിണ്ണാക്ക് തടത്തിനുചുറ്റും വിതറുക. കുറെ ദിവസത്തേക്ക് ഉപദ്രവമുണ്ടാകില്ല. വേപ്പെണ്ണ തൂകുന്നതും നല്ലതാണ്.

വീടുകൾക്കുള്ളിൽ ധാരാളമായുള്ള ചെറിയ എലികളെ പിടികൂടാൻ ഒരു സൂത്രവിദ്യ: നല്ല വലുപ്പമുള്ള കുടത്തിലോ ബക്കറ്റിലോ അടിയിൽ മാത്രം അല്പം കള്ള് ഒഴിച്ചുവയ്ക്കുക. മണം പിടിച്ചെത്തുന്ന എലികൾ ഉള്ളിൽ വീണാൽ പിന്നെ രക്ഷപ്പെടില്ല. മുകളിൽ നിന്നിറങ്ങാൻ സൗകര്യം വേണം. കള്ളിനു പകരം കഞ്ഞിവെള്ളമൊഴിച്ചാലും ഫലപ്രദമാണ്.

മരച്ചീനിക്കിടയിൽ ഇഞ്ചിയോ മഞ്ഞളോ നടുന്നത് എലിശല്യം കുറയ്ക്കും. ചേന, ചേമ്പ് എന്നിവ നടുമ്പോൾ അവയ്ക്കു ചുറ്റിലും വേലിപോലെ മഞ്ഞൾ നട്ടാൽ എലിയുടെ ഉപദ്രവം കുറയും.

എലിയിൽനിന്നു കൃഷിയെ രക്ഷിക്കാൻ വിളകൾക്കിടയിൽ ചെത്തിക്കൊടുവേലി (ചുവന്ന കൊടുവേലി) വളർത്തുക.

എലിയിൽനിന്നും കൃഷിയെ രക്ഷിക്കാൻ വിളകളുടെ അതിരിൽ പാൽക്കള്ളി (പാൽവള്ളി) നട്ടുവളർത്തുക.

ചത്ത എലികളെ കാക്ക കൊത്താത്തവിധം പറമ്പിൽ തന്നെ ഉപേക്ഷിക്കുക. ദുർഗന്ധം നിലനിൽക്കുന്നിടത്തോളം മറ്റ് എലികൾ ആ പ്രദേശത്ത് അടുക്കില്ല.

വരമ്പിലൂടെ മണ്ണെണ്ണയൊഴിച്ചാൽ എലിശല്യം കുറയും.

തെങ്ങിലെ എലിശല്യം ഒഴിവാക്കാൻ തെങ്ങിൻതടിയിൽ ഒരാൾ ഉയരത്തിനുമേൽ പോളിത്തീൻ ഷീറ്റോ ടിൻഷീറ്റോ ഉപയോഗിച്ച് ഒരു മീറ്ററോളം ഭാഗം തെങ്ങിൻതടി പൊതിഞ്ഞുവയ്ക്കുക. മിനുസമായ പ്രതലത്തിൽ എലികളുടെ കാലുകൾ ഉറയ്ക്കാത്തതിനാൽ മുകളിലേക്കു കയറില്ല. മറ്റു മരങ്ങളുമായി ഓലകളൊന്നും സ്പർശിച്ചിട്ടില്ലാത്ത തെങ്ങുകളിൽ ഇത് ഏറ്റവും ഫലപ്രദം.

ചട്ടിയിൽ നടുന്ന പച്ചക്കറികൾക്കും ചെടികൾക്കും എലിശല്യം വരുന്നെങ്കിൽ വെള്ളത്തുണി വീതികുറച്ച് കീറി ചട്ടിയുടെ ചുവട്ടിലിടുക. എലികൾ ഇതു കണ്ട് ഭയന്നുമാറും.

അല്പം ചെലവേറിയതെങ്കിലും ഏറെ ഫലപ്രദമായ ഒരു വിദ്യ. മരച്ചീനിത്തോട്ടങ്ങളെ സംരക്ഷിക്കാനാണ് ഈ മാർഗം ഏറെ പ്രായോഗികം. തോട്ടത്തിനു (പറമ്പിന്) ചുറ്റും അര മീറ്റർ ഉയരത്തിൽ ഇഷ്ടികയോ കരിങ്കല്ലോ കെട്ടി വിടവില്ലാതെ സിമന്റ് തേച്ചുണ്ടാക്കുക. അതിനോട് ചേർന്നിരിക്കുംവിധം ഒരാൾ പൊക്കത്തിൽ വേലിപ്പത്തലുകൾ അരമീറ്റർ അകലത്തിൽ നാട്ടുക. ഇനി പറമ്പിനു ചുറ്റും വേലിയിലും കൽക്കെട്ടിലും ചേർന്നിരിക്കുംവിധം ഒരു മീറ്റർ വീതിയുള്ള പോളിത്തീൻ ഷീറ്റ് കൊണ്ട് പൊതിയുക. മതിലിനോട് ചേർന്ന ഭാഗം കമ്പുകളിൽ കെട്ടിയും എലികൾക്കു കടന്നുപോകാൻ ഇടമില്ലാത്തവിധം വേണം പോളിത്തീൻ (പ്ലാസ്റ്റിക്) ഷീറ്റ് പൊതിയുന്നത്. എലികൾ പ്ലാസ്റ്റിക് തുളച്ച് കയറില്ലാത്തതിനാൽ ഒറ്റച്ചുവട് കപ്പയും നഷ്ടമാകില്ല. നന്നായി കൃഷിപ്പണി ചെയ്യുന്ന മരച്ചീനി തോട്ടത്തിനുള്ളിൽ മാളങ്ങൾ കുറവായിരിക്കും. ഒറ്റത്തട്ടായി, നിരപ്പായികിടക്കുന്ന തോട്ടങ്ങളിലെ ഈ രീതി പ്രയോജനപ്പെടൂ.



നെല്ലിലെ എലിശല്യം കുറയ്ക്കാൻ വെളുത്ത നിറമുള്ള പ്ലാസ്റ്റിക് കൂടുകൾ ചെറിയ കുറ്റികളിൽ പാടത്ത് അവിടവിടെ നാട്ടുന്നത് നല്ലതാണ്. ഓഡിയോ/ വീഡിയോ കാസറ്റുകളുടെ റിബൺ പാടത്ത് തലങ്ങും വിലങ്ങും വലിച്ചുകെട്ടുന്നത് പക്ഷികളെ മാത്രമല്ല എലികളെയും അകറ്റും. കാറ്റടിക്കുമ്പോൾ ടേപ്പിൽ നിന്നുമുയരുന്ന ശബ്ദമാണ് കാരണം.

വെള്ള മന്ദാരത്തിന്റെ അഞ്ച് മി.ലി. നീരിൽ 90 ഗ്രാം ഗോതമ്പ് മാവ് ചേർത്ത് കുഴച്ച് അതിൽ രണ്ട് മി. ലി. കടുകെണ്ണയും രണ്ട് ഗ്രാം ശർക്കരയും വെള്ളവും കൂട്ടി ഗുളികകൾ ഉണ്ടാക്കി എലിമാളങ്ങൾക്കു മുന്നിൽ വയ്ക്കുക. എലികൾ ഇവ തിന്നു ചാകും.

കൃഷിയിടങ്ങളിലെ എലിമാളങ്ങൾ തുടലിമുള്ള് ഉള്ളിൽവച്ച് മണ്ണിട്ട് അടയ്ക്കുക. എലികൾ മാളമുണ്ടാക്കുന്നത് കുറയും.

പൊഴിഞ്ഞുവീഴുന്ന ചക്കയും ആഞ്ഞിലിച്ചക്കയും പൈനാപ്പിൾ തോട്ടത്തിലിട്ടാൽ എലികൾ കൈതച്ചക്കയെ വെറുതെവിടും.

മരച്ചീനിയുടെ മുഖ്യശത്രുക്കളായ തുരപ്പനെലിയേയും പന്നിയെലിയേയും കൊന്നൊടുക്കാൻ മാളങ്ങളിൽ പുകയ്ക്കുകയാണ് ഏറ്റവും നല്ല മാർഗം. മുഖ്യമെന്നു തോന്നുന്ന (വലുപ്പം കൊണ്ടും മറ്റും) മാളമൊഴികെ അടുത്തടുത്തായി കാണുന്ന മാളങ്ങളെല്ലാം കുഴച്ച മണ്ണുകൊണ്ട് അടച്ചശേഷം വേണം പുകയ്ക്കാൻ. തുടർന്ന് ഓലക്കാല് കെട്ടിയുണ്ടാക്കിയ ഒരു ചൂട്ട് കറ്റ കത്തിച്ച് പ്രധാന മാളത്തിലേക്കു കടത്തിവയ്ക്കുക. കമുകിൻ പാള കൊണ്ടോ മറ്റോ ഉള്ളിലേക്കു കാറ്റടിപ്പിച്ച് പുക നന്നായി കടത്തിവിടുക. അര മണിക്കൂർ നേരമെങ്കിലും ഈ പ്രക്രിയ തുടരണം. മറ്റേതെങ്കിലും മാളങ്ങളിലൂടെ പുക പുറത്തേക്കു വരുന്നുണ്ടെങ്കിൽ അവ ഉടനെ കുഴച്ച മണ്ണുകൊണ്ട് അടയ്ക്കണം. ചിലപ്പോൾ ശ്വാസംമുട്ടി, വലിയ എലികൾ പുറത്തേക്ക് ചാടി വരാം. അവയെ തല്ലിക്കൊല്ലാം. മാളത്തിൽ ശേഷിക്കുന്ന കുഞ്ഞുങ്ങളും മറ്റും അവിടെയിരുന്ന് ചത്തുകൊള്ളും. ഏറെ വിടവുകളുള്ള കല്ക്കയ്യാലകൾ ഉള്ളിടത്ത് ഈ രീതി അത്ര വിജയകരമല്ല.

കപ്പയ്ക്ക് ഇടവിളയായി, തണ്ടിൽ കയറി വളരുന്ന കപ്പപ്പയർ എന്നറിയപ്പെടുന്ന അച്ചിങ്ങാപ്പയർ കൃഷിചെയ്താൽ എലിശല്യം കുറയും. പ്രത്യേകിച്ചും തുരപ്പനെലിയുടേത്.

പന്നിയെലി (പെരുച്ചാഴി)യെ കൊല്ലാൻ ഒരു എളുപ്പമാർഗം. പന്നിയെലികൾ സ്ഥിരം സഞ്ചരിക്കുന്ന പാത കണ്ടെത്തുക. എലി, പാതയിലൂടെ വരുന്നതു കണ്ടാൽ ഉടൻ ശക്തമായ ടോർച്ച് വെളിച്ചം പെട്ടെന്ന് തെളിയിക്കുക. എലി പെട്ടെന്നുണ്ടാകുന്ന വെളിച്ചത്തിൽ അനങ്ങാതിരിക്കും. ടോർച്ച് തെളിച്ചുപിടിച്ച് തന്നെയിരുന്നാൽ കുറെ മിനിട്ടുകൾ നേരം എലി അനങ്ങാതിരിക്കും. അപ്പോൾ നീളമുള്ള ഒരു വടിയുപയോഗിച്ച് തല്ലിക്കൊല്ലാം.

പാടത്തെ എലിശല്യം കുറയ്ക്കാൻ പ്രകൃത്യാലുള്ള ശത്രുക്കളെ ആകർഷിക്കുക തന്നെ നന്ന്. വെള്ളിമൂങ്ങകളുടെ മുഖ്യഭക്ഷണം എലികളാണ്. പാടത്ത് അവിടവിടായി തെങ്ങിന്റെ മടലുകൾ നാട്ടിയാൽ ഇവർക്കു വന്നിരിക്കാനും, മൂഷികരെ പിടികൂടാനുമാകും. മൂങ്ങകൾ വംശനാശത്തിന്റെ വക്കിലാണെന്നതാണ് ഫലപ്രദമായ ഈ രീതിയുടെ ദോഷം.

ചേരപ്പാമ്പിനെ കണ്ടാൽ വെറുതെ വിടുക. വിഷമില്ലാത്തവനും നിരുപദ്രവകാരിയും മാത്രമല്ല എലികളെ മുഖ്യാഹാരമാക്കി ജീവിക്കുന്നതുമൂലം കൃഷിക്കാരന്റെ മിത്രവുമാണ്.

ചില പ്രദേശങ്ങളിൽ ഇപ്പോഴും അവശേഷിക്കുന്ന കുറുനരി, കീരി തുടങ്ങിയവയെ ഉപദ്രവിക്കരുത്. കരിമ്പിലെയും മറ്റും എലികളെ നിയന്ത്രിക്കാൻ ഇവരാണ് ഏറ്റവും ഉത്തമം.